**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4964** **04-07-2024 - ൽ മറുപടിയ്ക്ക്**

**പഴയങ്ങാടിപാലം, വെങ്ങര റെയിൽവേ മേൽപ്പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്ന് ധനാനുമതി ലഭിച്ചതും കേരള റോഡ് ഫണ്ട് ബോർഡ് മുഖേന പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമായ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പഴയങ്ങാടിപാലത്തിന്റെയും വെങ്ങര റെയിൽവേ മേൽപ്പാലത്തിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ? | (എ) | 1. <u>പഴയങ്ങാടി പുതിയ പാലം</u><br><br>കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പാലത്തിന്റെ നിർമ്മാണത്തിന് 03.11.2020-ലെ സ.ഉ(സാധാ)നം.896/2020/പൊ.മ.വ ഉത്തരവ് പ്രകാരം 16.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി 24.02.2021 തീയതിയിലെ PWD0I6-38/APR-5/2021/KIIFB ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 15.486 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് പ്രവൃത്തിയുടെ ഡിസൈൻ പുതുക്കിയത് പരിഗണിച്ച് കിഫ്ബിയിൽ നിന്നും 29.06.2022 തീയതിയിലെ PWD0I6-38/APR-2/2022/KIIFB ഉത്തരവ് പ്രകാരം 19.90 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. 13.05.2022-ൽ 18.51 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു തുടർന്ന് 05.09.2023 -ൽ ശ്രീ.റ്റി.എ.അബ്ദുൾ റഹിമാൻ എന്ന കരാറുകാരന് 17.97 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി 22% പൂർത്തിയായിട്ടുണ്ട്. പൈലിങ്ങ് പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ 27 പൈലുകൾ പൂർത്തികരിച്ചു. മാടായി കെട്ടിടം പൊളിച്ചുമാറ്റുന്നതിന്റെ ഇ ടെണ്ടർ പ്രവൃത്തി പൂർത്തികരിച്ചു.<br><br>2. <u>വെങ്ങര റെയിൽവേ ഓവർ ബ്രിഡ്ജ്</u><br><br>കണ്ണൂർ ജില്ലയിലെ മാടായി-എട്ടിക്കുളം എച്ച്എസ്-പാലക്കോട് റോഡിന്റെയും വെങ്ങര ഓവർ ബ്രിഡ്ജിന്റെയും പ്രവൃത്തിക്ക് — 10.07.2017 തീയതിയിലെ സ.ഉ.(സാധാ)നം.942/2017/PWD പ്രകാരം തത്വത്തിൽ 25 കോടി രൂപയുടെ ഭരണാനുമതിയും. 06.09.2019 തീയതിയിലെ PWD0I5-46/APR-2/2019/KIIFB ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്നും 20.84 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | സാമ്പത്തികാനുമതിയും നൽകി. 03.05.2020-ൽ 20.84 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി, വർക്ക് ടെൻഡർ ചെയ്തു. തുടർന്ന് 02.11.2020-ന് ശ്രീ.റ്റി.എ.അബ്ദുൾ റഹിമാൻ എന്ന കരാറുകാരന് 12.136 കോടി രൂപയ്ക്ക് കരാർ നൽകി. പ്രവൃത്തി പുരോഗതി 82% ആയിട്ടുണ്ട്. പൈൽ, പൈൽ ക്യാപ്പ്, അബട്ട്മെന്റ് തുടങ്ങിയ പ്രവൃത്തി പൂർത്തികരിച്ചു. നിലവിൽ അപ്രോച്ച് റോഡിന്റെ കോൺക്രീറ്റ് പ്രവൃത്തിയും, ഹാൻഡ് റെയിൽ വർക്കും പുരോഗമിക്കുന്നു. റെയിൽവേ സ്പാനിന്റെ ഫൗണ്ടേഷൻ, സബ്സ്ട്രക്ചർ തുടങ്ങിയവയുടെ സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കി റെയിൽവേയിൽ നിന്ന് അംഗീകാരം ലഭ്യമാക്കാൻ KRDCL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ